പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3899 15/12/2014-ലെ മറുപടിക്ക്

ജയിലുകളിൽ തടവുകാരെ മർദ്ദിച്ചതായുള്ള പരാതി

ചോദ്യം

ശ്രീ.കെ.കെ.നാരായണൻ,

മറുപടി

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം ജയിലുകളിലാണ് തടവുകാരെ മർദ്ദിച്ചതായുള്ള പരാതി ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | എ) സെൻട്രൽ ജയിൽ വിയ്യൂർ, മൂവാറ്റുപുഴ, ഇരിങ്ങാലക്കട, തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നീ സ്പെഷ്യൽ സബ് ജയിലുകൾ എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം എന്നീ ജില്ലാ ജയിലുകളിലുമാണ് തടവുകാരെ മർദ്ദിച്ചതായുള്ള പരാതി ഉണ്ടായിട്ടുള്ളത്. |
| ബി) ജയിലിനകത്ത് തടവുകാർക്ക് മർദ്ദനം ഏൽക്കുന്നത് കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; | സി) തടവുകാരെ മർദ്ദിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | ഡി) ആലപ്പുഴ ജില്ലാ ജയിലിൽ വിചാരണ തടവുകാരനായ യു.ടി.നം.7033 അജേഷ് എന്ന പ്രതിയെ മർദ്ദിച്ച എന്ന പരാതിയിന്മേൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായ ശ്രീ.കെ.വിനോദ് കുമാർ, ശ്രീ.പി.രതീഷ്, ശ്രീ.സെബാസ്റ്റ്യൻ.പി.എക്സ്. എന്നിവരെ സ്ഥലം മാറ്റിയിട്ടുണ്ട്.<br>കൊല്ലം ജില്ലാ ജയിലിൽ തടവുകാരനെ മർദ്ദിച്ച എന്ന പരാതിയിന്മേൽ ബന്ധപ്പെട്ട ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.<br>നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിലിൽ യു.ടി.2382 രാജേഷ്, യു.ടി. 2385 ഗിരീഷ് കുമാർ എന്നീ തടവുകാരെ മർദ്ദിച്ചതായുള്ള പരാതിയിന്മേൽ ആരോപണ വിധേയരായ ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ